# ശരഖാലി



## സെന്റ് ജോർജ്ജസ് എച്ച് എസ് എസ്
## പരിയാരം

# അണിയറയിൽ .......

അഭിനവ് വിനു

ബിൽജോ ബിനോയ്

ആഷിക് വിൽസൻ

ക്രിസ്റ്റോ ഷാജൻ

ആൻമരിയ ടോമി

മേഘന പി.എസ്

ഗ്രീഷ്മ തങ്കപ്പൻ


ഗൗരി നന്ദ

# എഡിറ്റോറിയൽ

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ കുട്ടികളിൽ സാക്ഷാത്കരിക്കപ്പെടുന്നതിനുള്ള ജൈത്രയാത്രയുടെ ഒരു ഭാഗമായ ലിറ്റിൽകൈറ്റ് സ് പദ്ധതി അറിവിന്റെ വലിയ ലോകം കുട്ടികളുടെ മുൻപിൽ തുറക്കുകയാണ്. അറിവ് ആർജ്ജിക്കുന്നതിൽ നിർണ്ണായകസ്ഥാനം സാങ്കേതിക വിദ്യക്കുണ്ട്. പുഴപോലെ നിരന്തരം ഒഴുകുന്ന വിദ്യാഭ്യാസം കാലാന്തരങ്ങളിലൂടെ കടന്ന് ഇന്ന് ഇ-യുഗത്തിൽ എത്തി നിൽക്കുന്നു. വെളിച്ചമുണ്ടായിട്ടും വഴിതെറ്റുന്ന ഇന്നത്തെ തലമുറയെ വെളിച്ചത്തിലേക്ക് നയിക്കാൻ പ്രാപ്തമായ ഒരു പുതുതലമുറയെ വാർത്തെടുക്കാൻ ലിറ്റിൽകൈറ്റ്സ് പ്രവർത്തനങ്ങൾ വഴിതെളിക്കട്ടെ.

# സന്ദേശം

പൊതു വിദ്യാഭ്യാസ വകുപ്പ് ആരഭിച്ച ഒരു നൂതന സംരഭമായ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ താത്പര്യത്തോ ടെയാണ് ഏറ്റെടുത്തിരിക്കുന്നത്. വിദ്യാഭ്യാസത്തിലൂടെ ആധുനിക ലോകത്തിലേക്ക് സധൈര്യം കടന്നുചെല്ലാൻ സജ്ജമാക്കുന്ന ഈ സംരഭം ഏറെ ഉപകാരപ്രദമാണ്. മാഗസിൻ നിർമ്മാണത്തിൽ പങ്കെടുത്ത എല്ലാ കൈറ്റ് അംഗങ്ങൾക്കും, അദ്ധ്യാപകർക്കും ഈ അവസരത്തിൽ പ്രത്യേക അഭിനന്ദനങ്ങൾ. വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യമായ സർവ്വതോന്മുഖമായ വളർച്ച എല്ലാ വിദ്യാർത്ഥികൾക്കും ലിറ്റിൽ കൈറ്റിലൂടെ സാധ്യമാകട്ടെ എന്ന് ആശംസിക്കുന്നു



മെഴ്സി തോമസ്സ്
ഹെഡ് മിസ്ട്രസ്സ്


MERCY THOMAS
HEAD MISTRESS








ARN MEDIA



# അതിജീവനത്തിന്റെ നാളുകൾ



**കേ**രളീയരുടെ ഓണം എന്ന ആഘോഷത്തെ വെള്ളത്തിനടിയിലാഴ്ത്തികൊണ്ടാണ് 2018 ലെ വെള്ളപ്പൊക്കം കടന്നുവന്നത്. ഓരോ പ്രദേശത്തെയും നിമിഷനേരം കൊണ്ടാണ് വെള്ളം കൊണ്ടുപോയത്. പൂർണ്ണമായും പുഴയായി മാറേണ്ടിവന്ന കേരളത്തിലെ ജനങ്ങളെ രക്ഷിക്കാനായി പല ഭാഗങ്ങളിൽ നിന്നും മുക്കുവൻമാരാണ് എത്തിയത്. ഒരു കടൽക്ഷോഭമുണ്ടായാൽ പോലും

അവരെയൊന്നും ആരും ശ്രദ്ധിക്കാറില്ല. എന്നാൽ എല്ലാം മറന്നുകൊണ്ട് കേരളത്തിന്റെ രക്ഷയ്ക്കായി മുക്കുവൻമാരെത്തി. അതിജീവനത്തിനായി കേരളജനത ഒന്നിച്ചു നിന്നു, ഇല്ലാത്തതിനേക്കുറിച്ചോർത്ത് ദുഃഖിക്കാതെ ഉള്ളതു പങ്കുവച്ച് ഓരോരുത്തരും കഴിഞ്ഞുപോന്നു. വെള്ളം കയറിയ വീടുകളിൽ അടിഞ്ഞു കൂടിയ ചെളിയും,അഴുക്കും വൃത്തിയാക്കുന്നതിനു വേണ്ടി ഓരോരുത്തരും മുന്നിട്ടിറങ്ങി. വലിയവനെന്നോ, ചെറിയവനെന്നോ എന്ന ഒരു ഭേദവുമിലാതെ ഓരോരുത്തരും മറ്റുവള്ളവർക്കുവേണ്ടി രാവുംപകലുമില്ലാതെ അദ്ധ്വാനിച്ചു. ഒരു വലിയ ദുരന്തം വരുത്തിവെച്ച നാശനഷ്ട്ങ്ങൾക്കു പകരമായിപുത്തൻ കേരളത്തെ വാർത്തെടക്കാൻ എല്ലാവരും മുന്നിട്ടിറങ്ങി ഒരൊറ്റ മനസ്സായി എല്ലാവരും കൈകോർത്തു പ്രവർത്തിച്ചു. ഓരോരുത്തരും അവരവർക്ക് കഴിയുന്ന എല്ലാ പ്രവർത്തനങ്ങളിലും പങ്കാളികളായി. എല്ലാ വിദ്യാർത്ഥികളും എന്തിനു പറയുന്നു ഓരോ വൃദ്ധരും വരെ അന്യർക്കുവേണ്ടി പ്രവർത്തിച്ചു. മഹാനാശം വരുത്തിവെച്ചുകൊണ്ട് കടന്നുപോയ വെള്ളപ്പൊക്കം ബാക്കിവെച്ചത് ദുഃഖവും,സങ്കടവും,നിരാശയും മാത്രമായിരുന്നു.ഒരു ദുരന്തമുണ്ടാകുമ്പോൾ എങ്ങനെ അതിനെ നേരിടണം എന്നതിന് ഉത്തമ ഉദാഹരണമായിരുന്നു കേരളജനത കാഴ്ച്ചവെച്ചത്. കേരളം പ്രളയത്തെ അതിജീവിച്ചിരിക്കുന്നു.

# കുഞ്ഞിക്കണ്ണന്റെ കൃഷി

സത്യൻ താന്നിപ്പുഴ

ചെടികൾ നട്ടുവളർത്തുക കുഞ്ഞിക്കണ്ണന്റെ ഒരു വിനോദമാണ്. അവൻ ഒരു പൂന്തോട്ടം ഉണ്ടാക്കി. പലതരം ചെടികൾ ആ തോട്ടത്തിലുണ്ടായി .

ഒരു ദിവസം അവൻ തോട്ടത്തിൽ ഒരു ചുണ്ട നട്ടു . ചാരവും ചാണകവും പൊടിച്ച് വളമായി വച്ചു നനച്ചു .

ചുണ്ട തഴച്ച് വളർന്നു വന്നു .

ഒരു നാൾ ചുണ്ടയുടെ തലമുറിച്ച് . മുറിച്ച ഭാഗം പൊളിച്ചു .ഒരു വഴുതനയുടെ കൊമ്പ് മുറിച്ചെടുത്തു . കൊമ്പിന്റെ അടിഭാഗത്തെ തൊലി ചെത്തിമാറ്റി . ചുണ്ടയുടെ പൊളിച്ച ഭാഗം വികസിപ്പിച്ച് വഴുതനക്കൊമ്പ് വച്ച് ചാക്കുചരട് കൊണ്ട് കെട്ടി . മീതെ പൊളിത്തീൻ പേപ്പർ പൊതിഞ്ഞു .

മൂന്നാഴ്ച കഴിഞ്ഞ് അഴിച്ച് നോക്കിയപ്പോൾ ചുണ്ടയുടെ മുറിപ്പാടും വഴുതനയുടെ കൊമ്പുമായി ഒട്ടിച്ചേർന്ന് തൊലിവന്ന് മൂടി ഇരിക്കുന്നതു കണ്ടു .

വഴുതനയുടെ കൊമ്പിന് പുതിയ കൂമ്പും ഇലയും വന്നിരിക്കുന്നതും കണ്ടു . വഴുതനയുടെ കൊമ്പും ചുണ്ടയുടെ കൊമ്പുകളും വളർന്നു കൊണ്ടിരുന്നു .

ഒരു നാൾ വഴുതനയുടെ കൊമ്പിൽ പൂവിരിഞ്ഞു . കായുണ്ടായി . ഉണ്ടായത് നല്ല നീളമുള്ള വഴുതനകളായിരുന്നു .

ചുണ്ടയുടെ കൊമ്പുകളിൽ കുലകുലയായി ചുണ്ടകളുമുണ്ടായി .

കുഞ്ഞിക്കണ്ണൻ ദിവസവും ചുണ്ടച്ചുവട്ടിൽ വന്നു നോക്കും . വെള്ളവും വളവും ആവശ്യം പോലെ കൊടുക്കും .

വഴുതനകൾ വലുതായി കറിക്കു പാകമായി.

കുഞ്ഞിക്കണ്ണൻ ഒരു ദിവസം നാലു വഴുതനകൾ പറിച്ചു കൊണ്ടുപോയി കറിവച്ചു .

ചുണ്ടങ്ങ പറിക്കാറായില്ല . ചുണ്ടങ്ങ ചുണ്ടയിൽ നിന്ന് മൂത്തു പഴുത്തു . പഴുത്തപ്പോൾ താഴെ വീണു .

ഒരു ദിവസം ഒരു പ്രാണി വന്ന് വഴുതനയുടെ ഇലകളിൽ മുട്ടകൾ വിരിഞ്ഞ് പുഴുക്കൾ പുറത്ത് വന്നു വഴുതനയുടെ ഇലകൾ തിന്നാൻ തുടങ്ങി .

ഇതു കണ്ടപ്പോൾ വഴുതന പറഞ്ഞു .

'നമ്മുടെ ഇലകൾ എല്ലാം പുഴുക്കൾ തിന്നുന്നു . വഴുതനകൾ എല്ലാം ആളുകൾ പറിച്ചുകൊണ്ടുപോയി കറി വയ്ക്കുന്നു . നമ്മളെ എല്ലാവർക്കും വേണം , ചുണ്ടങ്ങ ആർക്കും വേണ്ട ' .


ചുണ്ടങ്ങയും വഴുതനും ഓരോന്നും വഴക്കുകൂടി. വഴക്ക് കൂടി .വഴക്ക് കൂടുന്നത് പുഴുക്കൾ കേട്ടു . അപ്പോൾ പ്രായം ചെന്ന ഒരു പുഴു ചോദിച്ചു :

'നിങ്ങൾ എന്തിനാണ് ഇങ്ങനെ വഴക്കു കൂടി ബഹളമുണ്ടാക്കുന്നത് ? വഴുതനയും ചുണ്ടയും ഓരേ വർഗ്ഗക്കാരല്ലേ ?'

ഞങ്ങൾ വഴുതനയുടെ ഇലയും ചുണ്ടയുടെ ഇലയും തിന്നും . ഞങ്ങൾ നിങ്ങളുടെ ചില്ലയിലൂടെ നടന്നപ്പോൾ ഒരു സത്യം മനസ്സിലായി . നിങ്ങളുടെ വേരുകൾ ഒന്നാണ് . ആരോ ചുണ്ടയിൽ വഴുതയുടെ ശിഖരം ഗ്രാഫ്റ്റ് ചെയ്തതാണ്. അതാണ് ഒരു ചില്ലയിൽ വഴുതനങ്ങകളുണ്ടാകുന്നത്.

പുഴു പറയുന്നത് ശരിയാണെന്ന് കേട്ടുനിന്ന വഴുതനയും ചുണ്ടയും മനസ്സിലായി . പിന്നീട് അവർ സുഹൃത്തുക്കളായി സന്തോഷത്തോടെ 'നമ്മളൊന്നാണേ നമ്മളന്യരല്ല' എന്നു പാടി .

# SHAKESPEARE (1564-1616)



William Shakespeare, the famous English poet,dramatist and actor, was born in 1564 at Stratford upon-Avon, England. He was educated at the local grammar school. By 1584 he had become a popular playwright and he became a member of the lord Chamberlain's Company. His major works included ' Taming of the Shrew', 'A Midsummer Night's Dream' , 'Romeo and Juliet', 'Much Ado about Nothing', 'Hamlet', 'Othello, Macbeth ,The Winter's Tale. etc. He died on April 23, 1616.

# ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും സാമൂഹിക പങ്കാളിത്തവും

നമ്മുടെയിടയിൽ ഇന്നും ധാരാളം ഭിന്നശേഷികളുള്ള ഒരുപാട് പേരുണ്ട്. സാധാരണ മനുഷ്യരെപോലെ തന്നെയാണ് ഭിന്നശേഷിയുള്ളവരും. അവരെ വ്യത്യസ്തരായി നാം കാണരുത്. പഴയകാലഘട്ടങ്ങളിൽ ഭിന്നശേഷിക്കാർക്കു വേണ്ടി പ്രത്യേകതരം വിദ്യാലയങ്ങളാണുണ്ടായിരുന്നത്. എന്നാൽ ഈ പുതിയ യുഗത്തിൽ ഉൾച്ചേരൽ വിദ്യാഭ്യാസത്തിന് വലിയ വില കൊടുക്കുന്നു. സാധാരണഗതിയിലുള്ള കുട്ടികൾക്കൊപ്പം തന്നെ ഭിന്നശേഷിയിലുള്ള കുട്ടികളെ പഠിപ്പിക്കുന്നു. അങ്ങനെ അവർ പഠിക്കുമ്പോൾ താനും ഒരു സാധാരണ കുട്ടിയാണ് എന്ന മനസ്ഥിതിയിലേക്ക് ഭിന്നശേഷിയുള്ളവർ എത്തുന്നു. ഇങ്ങനെയുള്ള പഠനം ഭിന്നശേഷിയുള്ള കുട്ടികളെ സാമൂഹികവളർച്ചയിലേക്ക് നയിക്കുന്നു. അതോടൊപ്പം തന്നെ അവരുടെ കഴിവുകളും വർദ്ദിക്കുന്നു. നമ്മുടെ ധാർമ്മികമായ കടമയാണ് വിദ്യാലയപ്രവർത്തനങ്ങളിൽ പാഠ്യ-

പാഠ്യന്തര പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടത്. ഇപ്പോൾ കൂടുതൽ കണ്ടു വരുന്ന ഒരു കാഴ്ചയാണ് ഭിന്നശേഷിക്കാർക്കും സാധാരണകാർക്കും വ്യത്യസ്ത സ്ഥാനങ്ങൾ നൽകുന്നത്. ഉൾച്ചേരൽ വിദ്യാഭ്യാസം കൊണ്ട് സാമൂഹികപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ട് നയിക്കാൻ നമുക്ക് സാധിക്കും.

ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ കാതൽ എന്ന് പറയുന്നത് സാമ്പത്തികപരമായും , സാംസ്കാരികപരമായും , സാമൂഹിക മായും പിന്നോക്കം നിൽക്കുന്നവരെ പൊതുവിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തുക എന്നതാണ്.

ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ മൂല്യവും പ്രധാന്യവുമെല്ലാം സാധാരണക്കാരായ നാം മനസ്സിലാക്കേണ്ടി യിരിക്കുന്നു. അങ്ങനെ മനസിലാക്കുകയും നമുക്ക് അവരെ വളർച്ചയി ലേക്ക് നയിക്കാൻ സാധിക്കൂ. അങ്ങനെ ചെയ്താലെ അവർക്ക് സാമൂസഹികപരമായ വളർച്ചയുണ്ടാവൂ.

***********




Hold fast  to dreams

For,if dreams die

Life is a broken-winged bird

That cannot fly.

Hold fast to dreams


For,when dreams go

Life is a dreams field

Frozen with snow.

# THE HEART OF THE TREE

*What does he plant who plants a tree?*
*He plants a friend of sun and sky;*
*He plants the flag of breezes free;*
*The shaft of beauty,towering high.*
*He plants a home to heaven high.*



*What does he plant who plants a tree?*
*He plants cool shade and tender rain,*
*And seed and hud of days to be,*
*And years that fade and flush again;*
*He plants the story of the plain.*

# പൊതുവിദ്യാലയങ്ങൾ പരിവർത്തനപാതയിൽ

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ കുട്ടികളിൽ ഉളവാക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കാനും അറിവ് നിർമ്മാണപ്രവർത്തനത്തിൽ പ്രായത്തിനനുഗുണമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന കേന്ദ്രങ്ങളായി നമ്മുടെ വിദ്യാലയങ്ങളെ മാറ്റാനും ഗുണതയുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കാനും ഇതിലെല്ലാം സമൂഹത്തിന്റെ ക്രിയാത്മക പങ്കാളിത്തം ഉറപ്പാക്കാനും നടത്തുന്ന കൂട്ടായ അന്വേഷണമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. നാല് ഊന്നൽ മേഖലകളായി ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങളെ കാണാം.

മികച്ച അക്കാദമിക അനുഭവങ്ങൾ ഒരുക്കാൻ ഭൗതിക സൗകര്യമുൾപെടെയുള്ള പഠന പരിസരം വളരെ പ്രധാനമാണ്. അതുകൊണ്ടുതന്നെ രണ്ടാമത്തെ ഊന്നൽ മേഖല ഭൗതിക സൗകര്യവികസനമാണ്. ആധുനിക സാങ്കേതിക വിദ്യകളെ കുട്ടികൾക്ക് പ്രാപ്യമാക്കുക എന്നതും പ്രധാനമാണ്. ആയതിനാൽ മൂന്നാമത്തെ ഊന്നൽ മേഖല പഠന പരിസരത്തെ സാങ്കേതികവിദ്യാ

സൗഹൃദമാക്കുക എന്നതാണ്. ഇങ്ങനെ നടക്കുന്ന പ്രവർത്തനങ്ങളെല്ലാം സ്ഥായിയായി നിലനിൽക്കേണ്ടതാണ്. അതിനായി പൊതുസമൂഹപങ്കാളിത്തം വളരെ പ്രധാനമാണ്. അതുകൊണ്ടുതന്നെ നാലാമത്തെ ഊന്നൽ മേഖല പൊതുസമൂഹത്തിന്റെ ക്രിയാത്മക പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾക്കാണ്.

പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പഠന പിന്തുണ നൽകുന്ന പദ്ധതികളുടെ പ്രയോജനം 7.8 ലക്ഷത്തിലധികം കുട്ടികൾക്ക് ലഭിക്കുകയുണ്ടായി. പഠനം എന്നത് ക്ലാസ്സ് മുറിയിൽ ഒതുക്കേണ്ടതല്ല എന്ന സന്ദേശം നൽകുന്നതോടൊപ്പം പ്രകൃതിയാണ് ഏറ്റവും നല്ല പാഠ പുസ്തകവും പഠന പരിസരവും എന്ന് അനുഭവത്തിലൂടെ ഉൾകൊള്ളാനും ആണ് ജൈവ വൈവിധ്യ ഉദ്യാനം കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്

പ്രത്യേക ശ്രദ്ധ വേണ്ട കുട്ടികൾക്കുള്ള വൈവിധ്യമാന്ന പ്രവർത്തനങ്ങൾ,ഓട്ടിസംപാർക്ക് പോലുള്ള ആധുനിക കേന്ദ്രങ്ങൾ ഇവയെല്ലാം പ്രയോഗത്തിൽ വരുത്താനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ് .

സ്കൂൾ കാലത്തിന് ശേഷമുള്ള ജീവിതയാത്രയിൽ പ്രതിസന്ധികളിൽ പതറാതെ അറിവിന്റേയും കഴിവിന്റേയും നൈപുണിയുടെയും പിൻബലത്തോടെ , ആത്മ വിശ്വാസത്തോടെ ജീവിതപ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള മത നിരപേക്ഷതയും

ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന പൊതു ഇടങ്ങളെ സംരക്ഷിക്കുന്ന ഒരു ജനതയുടെ സൃഷ്ടിക്കായുള്ള കൂട്ടായ്മയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം .

# PROVERBS

1 . A think of beauty is a joy for forever.

2 . Don't weep over split milk.

3 . Don't count the chicken before they are hatched.

4 . A friend in need is a friend in deed.

5 . Every fair face has a hideous skull behind it.

6 . Give to everyone thy ear, but not thy tongue.

7 . Honest is the best policy.

8 . Man is the architect of his own fortunes.

9 . There is no rose without a thorn.

10 . Make hay while the sun shines.

11 . Time and tide wait for no man.

12 . Procrastination is the thief of time.

13 . Take time by the forelock.

14 . Waste not, want not.

15 . Pride goes before a fall.

1 . ഇന്ത്യൻ വാർ മെമ്മോറിയൽ സ്ഥിതിചെയ്യുന്നത് എവിടെയാണ് ?

A. ഡൽഹി

2 . കേരളത്തിലെ ആദ്യ ട്രൈബൽ പഞ്ചായത്ത് ഏതാണ് ?

A. ഇടമലക്കുടി

3 .ഏതു സംസ്ഥാനത്തിന്റെ നൃത്തരൂപമാണ് ബിദസിയ ?

A. ബീഹാർ

4.അന്തരീക്ഷമർദ്ദം അളക്കാനുള്ള യൂണിറ്റേതാണ് ?

A. മില്ലിബാർ

5.പൂനാഗയും എന്നറിയപ്പെടുന്ന കളി ഏതാണ് ?

A. ബാഡ്മിന്റൻ

6.ഏതു രാജ്യത്തിന്റെ തലസ്ഥനമാണ് ബിഷ്കക് ?

A. കിർഗിസ്ഥാൻ

7.ബുക്കർപ്രൈസ് ലഭിച്ച ആദ്യ ഭാരതീയൻ ?

A. അരവിന്ദ് അഡിഗ

8.ഇന്ത്യൻ ഫിംഗർ ബില്യാഡ്സ് എന്നറിയപ്പെടുന്ന കായികയിനം ഏതാണ് ?

A.കാരംസ്

# LOVE

Love is  one of the best things a person can have. Everybody leaves somebody love brings happiness to everyone. There are different kinds of love. A mother loves her child. A teacher loves her student. God loves everybody on earth and a man loves a woman. Love is something that everybody does and likes. Even a child love his/her parents. The child also loves her friends. Love is something that is to be kind and honest. God loves everybody that means he is kind and honest to everyone. Love is a gift from heaven that is sent from god specially for us. Love spreads happiness and kindness. If people love one another they will hot fight. So we should love everyone because it is the most precious thing a person can have.



ആഷിക് വിൽസൻ IX C